ഉത്തരം

(എ) പോലീസ് വകുപ്പിനു പരാതി ലഭിച്ചിട്ടുണ്ട്.

(ബി) ശ്രീ. പിരപ്പൻകോട് മുരളി എം. എൽ. എ. നൽകിയ പരാതി 6-10-2003-ന് ലഭിച്ചു.

(സി) ഈ പരാതിയിൻമേൽ ഫോർട്ട് പോലീസ് സ്റ്റേഷൻ സർക്കിൾ ഇൻസ്പെക്ടർ ഊർജ്ജിത അന്വേഷണം നടത്തുകയും പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എ. എസ്. ഐ. യെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും വകുപ്പുതല അന്വേഷണം നടത്തിവരുകയുമാണ്.

(ഡി) ശ്രദ്ധിക്കുന്നുണ്ട്. പൗരൻമാർക്ക് പൂർണ്ണ സുരക്ഷിതത്വം നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നുണ്ട്.

കണ്ണൻകോട് ഉഷാഭവനിൽ സുചിത്രയുടെ സംശയാസ്പദമായ മരണം

70 [1545] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ പാലോട് പോലീസ് സ്റ്റേഷൻ പരിധിയിൽ വരുന്ന കണ്ണൻകോട് ഉഷാഭവനിൽ സുചിത്രയുടെ സംശയകരമായ മരണം സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഈ കേസിന്റെ അന്വേഷണം ഏത് ഘട്ടംവരെയായിയെന്ന വിവരം അറിയിക്കാമോ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടുണ്ട്.

(ബി) പാലോട് പോലീസ് സ്റ്റേഷനിൽ ക്രൈം 307/03 നമ്പരായുള്ള സെക്ഷൻ 174 സി. ആർ. പി. സി. പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്യുകയും പ്രസ്തുത കേസ്സ് ടി സ്റ്റേഷനിലെ എസ്. ഐ. അന്വേഷിച്ചിട്ടുള്ളതുമാണ്. ഈ പരാതിയുടെ വ്യക്തിഗത അന്വേഷണം നെടുമങ്ങാട് ഡിവൈ. എസ്. പി. നടത്തികൊണ്ടിരിക്കുകയാണ്.

(സി) പാലോട് പോലീസ് സ്റ്റേഷനിൽ ക്രൈം 307/03 നമ്പരിൽ സെക്ഷൻ 174 സി. ആർ. പി. സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ടി സ്റ്റേഷനിലെ എസ്. ഐ. ഇതുവരെ നടത്തിയ അന്വേഷണത്തിൽ സുചിത്ര മണ്ണെണ്ണ ഒഴിച്ച്

LIBRARY ARCHIVES Kerala Legislative Assembly

തീ കൊളുത്തി മരണപ്പെട്ടതാണെന്ന് വെളിവായിട്ടുള്ളതാണ്. ഇനി കെമിക്കൽ പരിശോധനാഫലം ലഭിക്കാനുണ്ട്. ആയതുകൂടി ലഭിച്ചശേഷം ഈ കേസിലേക്ക് കൂടുതൽ അന്വേഷണം നടത്തേണ്ടതുണ്ടെങ്കിൽ അപ്രകാരം ചെയ്യുന്നതാണ്.

'ദിൽന' എന്ന യുവതിയുടെ മരണം സംബന്ധിച്ച കേസന്വേഷണം ഊർജ്ജിതമാക്കുവാൻ നടപടി

71 [1546] ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂരിൽ ദുരൂഹ സാഹചര്യത്തിൽ മരണമടഞ്ഞ ദിൽന എന്ന യുവതിയുടെ മരണം സംബന്ധിച്ച കേസ് ഏത് ഏജൻസിയാണ് അന്വേഷിക്കുന്നത്;

(ബി) കേസുമായി ബന്ധപ്പെട്ട് എത്രപേരെ ഇതുവരെ ചോദ്യം ചെയ്തു;

(സി) പ്രതി എന്ന് സംശയിക്കുന്ന ആൾ രാജ്യം വിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ കേസിന്റെ രാസപരിശോധന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ഇ) അന്വേഷണം ഊർജ്ജിതമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ക്രൈം ഡിറ്റാച്ച്മെന്റ് ഡി വൈ. എസ്. പി.-യാണ് അന്വേഷിക്കുന്നത്.

(ബി) 47 പേരെ ചോദ്യം ചെയ്തു.

(സി) ഉണ്ട്.

(ഡി) ഇല്ല.

(ഇ) ഊർജ്ജിത അന്വേഷണം നടത്തിവരുന്നുണ്ട്.

പടിപ്പുരയ്ക്കൽ മുരളീധരന്റെ മരണം

72 [1547] ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആര്യാട് പഞ്ചായത്തിലെ 8-ാം വാർഡ് നിവാസിയായിരുന്ന പടിപ്പുരയ്ക്കൽ മുരളീധരന്റെ മരണവുമായി ബന്ധപ്പെട്ട് ആലപ്പുഴ നോർത്ത് പോലീസ് 14-10-2003-ൽ രജിസ്റ്റർ ചെയ്ത കേസിൻമേലുള്ള അന്വേഷണം ഏതുഘട്ടംവരെയെത്തിയെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly